കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊടകര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.സി. പീതാംബരനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.3363/2017/തസ്വഭവ — തീയതി, തിരുവനന്തപുരം, 24.10.2017

പരാമർശം:
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.07.2013-ലെ ഇ 8(എസ് സി.36/13/ടിഎസ്ആർ) 10491/13 നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 26.09.2013-ലെ 9699/ഡി3/2013/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 17.12.2013-ലെ 62457/ഇപിബി3/2013/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. പി.സി. പീതാംബരൻ സമർപ്പിച്ച 01.03.2014-ലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 05.06.2015-ലെ ഡി7-45243/2015 നമ്പർ കത്ത്

## ഉത്തരവ്

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തൃശ്ശൂർ യൂണിറ്റ് 23.05.2013-ൽ കൊടകര ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1), (2) എന്നിവ പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് പരിശോധനയിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി..

1. നിയമപരമോ, ഭരണപരമായ ഉത്തരവുകളോ ഇല്ലാതെ പെർമിറ്റ് അനുവദിക്കുവാനുള്ള കമ്മിറ്റി രൂപീകരിച്ചു.
2. താത്വികമായ അടിസ്ഥാനമോ, നിയമപരമായ അടിത്തറയോ ഇല്ലാതെ പെർമിറ്റ് അനുവദിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചു.
3. പരാതിക്കാരന് വ്യക്തമായ കാരണമില്ലാതെ പെർമിറ്റ് നിഷേധിച്ചു.
4. പഞ്ചായത്ത് കമ്മിറ്റി മിനിട്ട്സ് രേഖപ്പെടുത്തുന്നതിൽ ഒരു മാസത്തെ കാലതാമസമുണ്ടായി.

ടി ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ആയതിന് ഉത്തരവാദിയായ കൊടകര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.സി. പീതാംബരന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകുകയുണ്ടായി. കുറ്റപത്രത്തിന് ശ്രീ. പീതാംബരൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം താഴെപ്പറയുംവിധം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ശ്രീ. പി.സി. പീതാംബരൻ 11.01.2013-ലാണ് കൊടകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേറ്റത്. ടിയാൻ സെക്രട്ടറിയായി ചുമതലയേൽക്കുന്നതിനു മുമ്പും ഓട്ടോറിക്ഷകൾക്ക് പേട്ട പെർമിറ്റ് അനുവദിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഓട്ടോറിക്ഷാ തൊഴിലാളി യൂണിയൻ പ്രതിനിധികൾ, പോലീസ് അധികാരികൾ, ആർ.ടി.ഒ പ്രതിനിധികൾ എന്നിവരുടെ യോഗങ്ങൾ ചേർന്നിരുന്നതായും ഈ വിഷയം ചർച്ച ചെയ്തിരുന്നതായും രേഖകളിൽ കാണുന്നു. ഈ വിഷയം

സംബന്ധിച്ച് 05.07.2012 മുതൽ പലപ്പോഴായി യോഗങ്ങൾ ചേരുകയും മിനിട്ട്സിന്റെ രജി... ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുന്നതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

എറണാകുളം-തൃശ്ശൂർ നാഷണൽ ഹൈവേയോട് ചേർന്ന് കിടക്കുന്നതും, നിരവധി വ്യാപാര കേന്ദ്രങ്ങളും ജനത്തിരക്കേറിയതുമായ പഞ്ചായത്തുകളിൽ ഒന്നായ കൊടകര ഗ്രാമപഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങൾക്കും, ജനങ്ങൾക്കും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന് പരിഹാരം ഉണ്ടാക്കുന്നതിനാണ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരം സർക്കാരിന്റെ 05.01.2002-ലെ 1197/എൽ3/2002/തസ്വഭവ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഓട്ടോറിക്ഷാ തൊഴിലാളി യൂണിയൻ പ്രതിനിധികൾ, പോലീസ് അധികാരികൾ എന്നിവരുടെ യോഗം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടാറുള്ളതും പരിഹാരങ്ങൾ നിർദ്ദേശിക്കാറുള്ളതും എന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ സർക്കുലറിൽ ഇക്കാര്യം ഏത് രീതിയിൽ നടപ്പാക്കണമെന്നത് സംബന്ധിച്ച പരാമർശങ്ങൾ ഇല്ലാത്തതിനാൽ അന്നത്തെ സെക്രട്ടറി ശ്രീ. പി.സി. പീതാംബരന്റെ ഭാഗത്തു നിന്നും വീഴ്ചകൾ സംഭവിച്ചിട്ടില്ലായെന്ന് കാണുന്നു.

പരാതിക്കാരനായ ശ്രീ. സജയൻ എന്നയാൾക്ക് ഓട്ടോ റിക്ഷാ പാർക്കിംഗ് അനുമതി നിഷേധിച്ച എന്ന ശ്രീ. പി.സി. പീതാംബരനെതിരായ ആരോപണം സംബന്ധിച്ച്, കൊടകര ഗ്രാമപഞ്ചായത്തിൽ നാഷണൽ ഹൈവേയോട് ചേർന്ന് തിരക്കേറിയ നാലിടങ്ങളിൽ ഓട്ടോ റിക്ഷകൾക്ക് പാർക്ക് ചെയ്യുന്നതിന് പ്രത്യേകം സ്ഥലം അനുവദിച്ച കൊടുക്കുകയും, വ്യാപാര വ്യവസായി പ്രതിനിധികളുമായി ചർച്ച ചെയ്ത് അവരുടെ കച്ചവടത്തിന് തടസ്സം ഉണ്ടാകാത്ത വിധത്തിൽ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ധാരണയായിട്ടുള്ളതാണ്. 31.01.2013-ലെ ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരം കൊടകര ടൗൺ പ്രദേശത്തുള്ള 4 പേട്ടകളിലുമായി 300 ൽ അധികം ഓട്ടോറിക്ഷകൾ ഉണ്ടായിരുന്നതിനാൽ പുതിയതായ അപേക്ഷകർക്ക് 5 മുതൽ 14 വരെയുള്ള ഏതെങ്കിലും പേട്ടകളിൽ പാർക്കിംഗ് അനുമതി നൽകിയാൽ മതിയെന്ന് തീരുമാനം എടുത്തിട്ടുള്ളതാണ്. പരാതിക്കാരന്റെ ഒരു ഓട്ടോറിക്ഷാ ഒന്നാം നമ്പർ പേട്ടയിൽ ഉപയോഗി... വരുന്നുണ്ട്. കൂടാതെ ടിയാന്റെ തന്നെ രണ്ടാമത്തെ ഓട്ടോറിക്ഷയ്ക്കും ഒന്നാം നമ്പർ പേട്ടയിൽ തന്നെ പാർക്കിംഗ് സൗകര്യം ലഭ്യമാക്കണമെന്ന ആവശ്യവുമായി ടിയാൻ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, ബഹു. ഹൈക്കോടതി പ്രശ്നം പരിഹരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ആർ.ടി.ഒ.ക്ക് നിർദ്ദേശം നൽകി വിധി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആർ.ടി.ഒ. പരാതിക്കാരനെയും സെക്രട്ടറിയേയും നേരിൽ കേൾക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ പാർക്കിംഗ് അനുമതി നൽകുന്ന കാര്യത്തിൽ സെക്രട്ടറി പി.സി. പീതാംബരന്റെ ഭാഗത്തു നിന്നും വീഴ്ചകൾ സംഭവിച്ചിട്ടില്ല എന്ന് കാണുന്നു.

ഗ്രാമപഞ്ചായത്ത് കമ്മിറ്റി മിനിട്ട്സ് എഴുതി പൂർത്തിയാക്കുന്നതിൽ ഒരു മാസത്തെ കാലതാമസം ഉണ്ടായി എന്ന ആരോപണം സംബന്ധിച്ച് കൊടകര ഗ്രാമപഞ്ചായത്ത് 01.01.2010-ലെ 01/2010, 04.06.2010-ലെ 07/2010 എന്നീ ഓഫീസ് ഉത്തരവുകൾ പ്രകാരം കമ്മിറ്റി മിനിട്ട്സ് എഴുതുന്നതിനുള്ള ചുമതല ജൂനിയർ സൂപ്രണ്ടിന് നൽകിയിട്ടുള്ളതായി കാണുന്നു. നിലവിലുണ്ടായിരുന്ന ജൂനിയർ സൂപ്രണ്ട് സ്ഥലംമാറി പോയതിനാൽ 22.04.2013-ലെ 05/2013 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം സീനിയർ ക്ലാർക്ക് ശ്രീ. അനിൽ ബാബുവിന് ചുമതല നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഏപ്രിൽ, മെയ് മാസങ്ങളിൽ സ്പിൽ ഓവർ പ്രവർത്തികളുടെ പൂർത്തീകരണം സംബന്ധി... ഭാരിച്ച ജോലിത്തിരക്കുമൂലമാണ് മിനിട്ട്സ് എഴുതി പൂർത്തീകരിക്കാൻ കാലതാമസം വന്നതെന്ന ശ്രീ. പീതാബരന്റെ വാദം അംഗീകരിക്കാവുന്നതാണ്. ടിയാന് കാലിനേറ്റ പരിക്കിനെത്തുടർന്ന് കാലിൽ അമിതമായ വേദന ഉണ്ടായിരുന്നതിനാലുമാണ് കൂടുതൽ ശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തുവാൻ സാധിക്കാതെ വന്നിരുന്നതെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. പരിശോധനാ സമയത്ത് പൂർത്തീകരിക്കുവാനുണ്ടായിരുന്ന രണ്ട് മിനിട്ട്സുകളും ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളതും ടിയാന്റെ ജോലിഭാരവും ആ സമയത്തുണ്ടായ ആരോഗ്യ പ്രശ്നങ്ങളും കണക്കിലെടുത്ത് ആയത് മാപ്പാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. പീതാംബരൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും 05.01.2002-ലെ 1197/എൽ3/2002/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചതായി കാണുന്നില്ല അതുപോലെ തന്നെ പാർക്കിംഗിന് അനുമതി നൽകുന്ന കാര്യത്തിലും കാര്യമായ വീഴ്ചകൾ സംഭവിച്ചിട്ടില്ല എന്ന് കാണുന്നു. എന്നാൽ വിജിലൻസ് പരിശോധന വേളയിൽ മിനിട്ട്സ് യഥാസമയം പൂർത്തിയാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കാണുന്നു. ഈ സാഹചര്യത്തിൽ കൊടകര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.സി. പീതാംബരനെതിരെയുള്ള അച്ചടക്ക നടപടി "സെൻഷർ" നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. പി.സി. പീതാംബരൻ, മുൻ സെക്രട്ടറി, കൊടകര ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (28.07.2017-ലെ 1557852/ഡി3/2017/വിജി. നമ്പർ റിമാർക്സ് പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.62457/ഇപിബി3/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ